(ബി) നടപ്പുവർഷം എത്ര വീടുകളാണ് നിർമ്മിച്ച് നൽകാൻ പദ്ധതി ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) ഇവയുടെ ജില്ലതിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഫിഷറീസ് വകുപ്പ് വഴി 5730 വീടുകളും മത്സ്യഫെഡ് മുഖേന 1280 വീടുകളും മത്സ്യ ഫെഡ് മുഖേന 1280 വീടുകളും മത്സ്യത്തൊഴിലാളികൾക്ക് നിർമ്മിച്ചു നൽകി യിട്ടുണ്ട്.

(ബി) നടപ്പുവർഷം ദേശീയ മത്സ്യത്തൊഴിലാളിക്ഷേമനിധിയുടെ ധന സഹായത്തോടെയുള്ള ഭവനനിർമ്മാണ പദ്ധതി പ്രകാരം 1714 വീടുകളും, പത്താം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരമുള്ള ഭവനനിർമ്മാണ പദ്ധതി മുഖേന 2143 വീടുകളും നിർമ്മിക്കാനാണ് പദ്ധതിയിട്ടിരിക്കുന്നത്.

(സി) വിവരം അനുബന്ധമായി കൊടുത്തിരിക്കുന്നു.†

**15 (429) മത്സ്യത്തൊഴിലാളികൾക്ക് വേണ്ടിയുള്ള ഭവന നിർമ്മാണ പദ്ധതി**

ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികൾക്ക് വേണ്ടി ഭവന നിർമ്മാണ പദ്ധതിക്കായി പത്താം ധനകാര്യ കമ്മീഷൻ ഗ്രാന്റ്, ദേശീയ മത്സ്യ ത്തൊഴിലാളി ക്ഷേമനിധിയുടെ സഹായം, സംസ്ഥാന സർക്കാരിന്റെയും ഏജൻസികളുടെയും ധനസഹായം എന്നീ വകകളിൽ ഈ സർക്കാർ അധി കാരത്തിൽ വന്നശേഷം എന്തു തുക നീക്കിവച്ചിട്ടുണ്ട്; വിശദവിവരം വെളിപ്പെ ടുത്തുമോ;

(ബി) സംസ്ഥാനത്ത് ഓരോ ജില്ലയിലുമുള്ള മത്സ്യത്തൊഴിലാളി കൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുമോ;

(സി) ഓരോ ജില്ലയ്ക്കും അനുവദിച്ചിട്ടുള്ള തുക എത്രയാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഓരോ ജില്ലയ്ക്കും അനുവദിച്ച തുക വിതരണം ചെയ്തി ട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ വിതരണം ചെയ്യുന്നതിനായി നടപടി സ്വീകരി ക്കുമോ;

(എഫ്) ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ;

(ജി) അർഹതയുള്ള മുഴുവൻ അപേക്ഷകർക്കും ഭവന നിർമ്മാണ ത്തിനുള്ള ധനസഹായം നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

---

† അനുബന്ധം 8

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)-(ജി) വിവരം ശേഖരിച്ചു വരുന്നു.

16 (430) മത്സ്യത്തൊഴിലാളികളുടെ ക്ഷേമം

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി എന്തെല്ലാം പദ്ധതികളാണ് ഈ സർക്കാർ നടപ്പിലാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) മത്സ്യ തൊഴിലാളിക്ഷേമനിധി ബോർഡ് മുഖേന ഇപ്പോൾ എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭിച്ചു കൊണ്ടിരിക്കുന്നത്;

(സി) മത്സ്യ തൊഴിലാളികളുടെ കുട്ടികളുടെ ഉപരിപഠനത്തിനായി ഇപ്പോൾ എന്തെല്ലാം സഹായങ്ങൾ നൽകിവരുന്നു;

(ഡി) വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ)&(ബി) ഫിഷറീസ് വകുപ്പ്, മത്സ്യഫെഡ്, മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവ വഴി നടപ്പിലാക്കി വരുന്ന വിവിധ ക്ഷേമ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി)&(ഡി) മത്സ്യഫെഡ് നൽകുന്ന സഹായം

കേന്ദ്ര മത്സ്യ ഗവേഷണ പരിശീലന സ്ഥാപനമായ കൊച്ചിയിലെ സീഫ്നിറ്റിൽ മത്സ്യത്തൊഴിലാളി വിഭാഗത്തിൽ നിന്നുള്ള 4 വിദ്യാർത്ഥികളെ വീതം ഓരോ വർഷവും എൻജിൻ ഡ്രൈവർ, ഫിഷിംഗ് വെസ്സൽ മെയ്റ്റ് എന്നീ കോഴ്സുകൾക്ക് എല്ലാ ചെലവുകളും നൽകി സ്പോൺസർ ചെയ്യുന്നുണ്ട്.

ക്ഷേമനിധി ബോർഡ് നൽകുന്ന സഹായം

എസ്.എസ്.എൽ.സി. പരീക്ഷയിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ നേടുന്നവർക്ക് പഠനം തുടരുന്നതിന് രണ്ട് അദ്ധ്യായന വർഷത്തേക്ക് പ്രതിമാസം 100 രൂപ വീതം നൽകുന്നു.

സംസ്ഥാനത്ത് മൂന്ന് യൂണിവേഴ്സിറ്റികളിൽ നടത്തുന്ന പ്രീഡിഗ്രി പരീക്ഷയിൽ ഓരോ ഗ്രൂപ്പിലും ഏറ്റവും കൂടുതൽ മാർക്ക് കരസ്ഥമാക്കുന്ന വിദ്യാർത്ഥികൾക്കും, ബോർഡ് ഓഫ് ഹയർ സെക്കണ്ടറി (+2) പരീക്ഷയിൽ ഓരോ ഗ്രൂപ്പിലും ഏറ്റവും കൂടുതൽ മാർക്ക് കരസ്ഥമാക്കുന്ന വിദ്യാർത്ഥികൾക്കും വൊക്കേഷണൽ ഹയർ സെക്കണ്ടറി പരീക്ഷയിൽ മേഖലാടിസ്ഥാനത്തിൽ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന വിദ്യാർത്ഥികൾക്കും 3000/- രൂപ വീതം കാഷ് അവാർഡും മെറിറ്റ് സർട്ടിഫിക്കറ്റും നൽകുന്നു. മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ മൊത്തം 15 വിദ്യാർത്ഥികൾക്ക് ഈ പദ്ധതി പ്രകാരം പ്രയോജനം ലഭിക്കുന്നു.

ഫിഷറീസ് വകുപ്പ് നൽകുന്ന സഹായം

കൊച്ചിൻ യൂണിവേഴ്സിറ്റിയുടെ ഇൻഡസ്ട്രിയൽ ഫിഷറീസ് കോഴ്സിലേക്കായി ഓരോ വർഷവും 3 സീറ്റുകൾ മത്സ്യത്തൊഴിലാളി കുട്ടി

† അനുബന്ധം 9
1018/2010.

LIBRARY ARCHIVES Kerala Legislative Assembly